# ACADEMIC MASTER PLAN
# SCHOOL DEVELOPMENT PLAN
# 2025-2026

# ST. MARY'S UPS LOURDES
# THRISSUR - 5

തൃശ്ശൂർ നഗരത്തിൽ നിന്ന് ഏകദേശം രണ്ട് കിലോമീറ്റർ അകലെ ലൂർദ്ദ് പള്ളി അങ്കണത്തിൽ സ്ഥിതിചെയ്യുന്ന അപ്പർ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനമാണ് സെന്റ് മേരീസ് യു. പി. സ്കൂൾ ലൂർദ്ദസ്, തൃശ്ശൂർ, തൃശ്ശൂർ കോർപ്പറേഷനിലെ വാർഡ് 13ൽ ആണ് സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്നത്. നിരവധി കുരുന്നുകളുടെ വിദ്യയ്ക്ക് പൊൻപ്രഭ തൂകി പ്രശസ്തിയിലേക്ക് അവരെ കൈപിടിച്ചുയർത്തിയ ഈ വിദ്യാനികേതനം 1923ൽ ആണ് പിറവിയെടുത്തത്.

സ്വകാര്യ വിദ്യാഭ്യാസ രംഗത്ത് തൃശ്ശൂർ നഗരത്തിൽ ആദ്യമായി സ്ഥാപിതമായ മലയാളം പ്രൈമറി സ്കൂൾ ആണ് സെന്റ് മേരീസ് യു. പി. സ്കൂൾ. അതുവരെ 4 ഇംഗ്ലീഷ് സ്കൂളുകളും ഒരു ഗവൺമെന്റ് മലയാളം പ്രൈമറി സ്കൂളും ആണ് തൃശ്ശൂരിൽ ഉണ്ടായിരുന്നത്. ഈ പരിസ്ഥിതിയിൽ 1923ൽ ലൂർദ്ദ് പള്ളിയിൽ നിന്നും ഒരു മലയാളം സ്കൂൾ സ്ഥാപിതമായി. ലൂർദ്ദ് പള്ളി വികാരിയായിരുന്ന വെരി. റവ. ഫാ. ആൻഡ്രൂസ് മലമേൽ സ്കൂളിന്റെ ആദ്യ മാനേജർ ആവുകയും ശ്രീ. ടി. ടി. ദേവസി ആദ്യത്തെ ഹെഡ്മാസ്റ്റർ ആയി നിയമിതനാവുകയും ചെയ്തു. ലൂർദ്ദ് സ്കൂളിൽ പഠിക്കാൻ ആഗ്രഹിക്കുന്ന എല്ലാ കുട്ടികളെയും ഉൾക്കൊള്ളാൻ സാധിക്കാത്ത അവസ്ഥയിൽ സ്കൂളിന്റെ മറ്റൊരു ശാഖയായി പറവട്ടാനി യു.പി.സ്കൂൾ 1925ൽ സ്ഥാപിതമായി.

തൃശ്ശൂർ പട്ടണത്തിലെ ഏറ്റവും തലയെടുപ്പുള്ള ഒരു വിദ്യാലയമാണ് ഇന്ന് ലൂർദ്ദ് സെന്റ് മേരീസ് യു. പി. സ്കൂൾ. ആകാരഭംഗിയിൽ മാത്രമല്ല അധ്യായന നിലവാരത്തിലും അച്ചടക്കത്തിലും കലാകായിക രംഗങ്ങളിലും ഭൗതിക സൗകര്യങ്ങളിലും ഈ വിദ്യാലയം ഉന്നത നിലവാരം പുലർത്തുന്നു.

## ***St. Mary's UPS Lourdes Thrissur***

CRC - Govt. Model Girls LPS Thrissur

URC - Thrissur

State - Kerala

Staff :-

1. Sheeja K R (Headmistress)
2. Sajitha T K (Jr. Skt, First Assistant)
3. Steji T D (LPST)
4. Pushpam Davis C (LPST)
5. Lisa K T (UPST)
6. Deepa K S (UPST)
7. Jiji N D (LPST)
8. Johncy John (LPST)
9. Ruby C R (Jr. Hindi PT)
10. Sumesh N K (UPST)
11. Ashly K Jose (UPST)
12. Nimmi Sijo (LKG)
13. Sowmya Sanil (UKG)
14. Linta Elizabeth Koshy (Spoken)
15. Hiran T K (O A)

PTA :-

Total members - 18

Ladies - 13

SC - 1

| Strength of Students 2024-2025 | | | |
|---|---|---|---|
| STD | BOY | GIRL | TOTAL |
| I | 5 | 3 | 8 |
| II | 11 | 5 | 16 |
| III | 20 | 6 | 26 |
| IV | 18 | 3 | 21 |
| V | 67 | 2 | 69 |
| VI | 66 | 5 | 71 |
| VII | 51 | 3 | 54 |
| TOTAL | 238 | 27 | 265 |

| Strength of Students 2025-2026 | | | |
|---|---|---|---|
| STD | BOY | GIRL | TOTAL |
| I | 12 | 3 | 15 |
| II | 12 | 5 | 17 |
| III | 19 | 6 | 25 |
| IV | 23 | 7 | 30 |
| V | 71 | 5 | 76 |
| VI | 76 | 3 | 79 |
| VII | 63 | 5 | 68 |
| TOTAL | 276 | 34 | 310 |

## വിദ്യാലയ വികസന സമിതി

മുഖ്യരക്ഷാധികാരി : അഡ്വ.ശ്രീ പി.ബാലചന്ദ്രൻ

(ബഹു.എം.എൽ.എ. തൃശ്ശൂർ)

രക്ഷാധികാരികൾ : ശ്രീ.എം.കെ.വർഗ്ഗീസ്

(മേയർ തൃശ്ശൂർ കോർപ്പറേഷൻ)

: വെരി.റവ.ഫാ.ജോസ് വല്ലൂരാൻ

(സ്കൂൾ മാനേജർ)

ചെയർമാൻ : ശ്രീ ജോൺ ഡാനിയേൽ

(കൗൺസിലർ)

വൈസ് ചെയർമാൻ : ശ്രീ. ബെന്നറ്റ് അഗസ്റ്റിൻ

(പി.ടി.എ.പ്രസിഡണ്ട്)

: ശ്രീമതി സോഫിയ മനോജ്

(എം.പി.ടി.എ.)

: ശ്രീ.ജോഷി ചിറമ്മൽ

(ഒ.എസ്.എ.പ്രസിഡണ്ട്)

: ശ്രീ.തോമസ് ജോസഫ്

(ഒ.ടി.എ.പ്രസിഡണ്ട്)

കൺവീനർ : ശ്രീമതി ഷീജ കെ.ആർ.

(ഹെഡ്മിസ്ട്രസ്സ്)

ജോയിന്റ് കൺവീനർ : ശ്രീമതി ജോൺസി ജോൺ

(അധ്യാപിക)

: ശ്രീമതി സൗമ്യ ശങ്കർ

(സി.ആർ.സി. കോർഡിനേറ്റർ)

അംഗങ്ങൾ : ടീച്ചേഴ്സ്

: പി.ടി.എ മെമ്പേഴ്സ്

: വിരമിച്ച അധ്യാപകർ

: പൂർവ്വ വിദ്യാർത്ഥികൾ

: സ്കൂൾ ലീഡർ

## ചുമതലകൾ

- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് ആവശ്യമായ പ്രചരണ സംഘാടന പ്രവർത്തനങ്ങൾ നടത്തുക.
- വിവിധ വിഭാഗങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ പ്രത്യേക കൂടിച്ചേരലുകൾ സംഘടിപ്പിക്കുക.
- സ്കൂളിന്റെ വികസന പദ്ധതിക്ക് രൂപം നൽകുക.
- വിദ്യാലയ മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.
- മുൻഗണനാക്രമം നിശ്ചയിച്ച് വാർഷിക പദ്ധതികൾ തയ്യാറാക്കുക.
- വിഭവസമാഹരണത്തിന് നേതൃത്വം നൽകുക.

## പ്രവർത്തന പദ്ധതികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കാം | 1. ജൈവകൃഷി ആരംഭിക്കും.<br>2. കമ്പോസ്റ്റ് രീതി പരിചയപ്പെടുത്തുന്നു.<br>3. ചെടിച്ചട്ടികൾ, ചെടികൾ, വളം, വിത്ത് വിതരണം | 8 മാസം | കാർഷിക ക്ലബ്ബ് | 20000 |
| ലഹരി വിരുദ്ധ മനോഭാവം കുട്ടികളിൽ വളർത്തുന്നു | 1. സ്കൂൾ പരിസരത്ത് മദ്യം മയക്കുമരുന്ന് ലഭ്യത പൂർണമായും ഒഴിവാക്കുന്നു.<br>2. മദ്യം മയക്കുമരുന്ന് എന്നിവ കുടുംബത്തെയും സമൂഹത്തെയും ബാധിക്കുന്ന എന്ന വിഷയത്തെക്കുറിച്ച് വിദഗ്ധർ ക്ലാസ്സെടുക്കുന്നു | 3 മാസത്തിലൊരിക്കൽ ക്ലാസ്സെടുക്കുന്നു | പിടിഎ / ഹെൽത്ത് ക്ലബ്ബ് | 3000 |
| പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് | 1. കുട്ടികൾ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനു വേണ്ട ബോധവത്കരണ ക്ലാസ്<br>2. ജൈവ അജൈവമാലിന്യങ്ങളെ തരംതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള പരിശീലനം | എല്ലാ ദിവസവും | ഹെൽത്ത് ക്ലബ് | 2000 |
| കുട്ടികളെ കരാട്ടെ പഠിപ്പിക്കുന്നു | 1. കരാട്ടെ മാസ്റ്ററെ കണ്ടെത്തുന്നു | ആഴ്ചയിൽ ഒരു പിരീഡ് | സ്പോർട്സ് ക്ലബ് | പ്രതിമാസം 2000 |

മേഖല :അക്കാദമികം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും സങ്കലന-വ്യവകലന-ഗുണന-ഹരണക്രിയ ശേഷി വികസിപ്പിക്കൽ | പഠനനില കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു | ജൂൺ ആദ്യ ആഴ്ച | ഗണിതാധ്യാപിക | 1500/- പി.ടി.എ |
| | പരിമിതികൾ പരിഹരിക്കുന്നതിനു ആവശ്യമായ പ്രവർത്തനപാക്കേജ് തയാറാക്കുന്നു | ജൂലൈ 15നു മുമ്പ് | പ്രധാനാധ്യപിക | ഒരു കുട്ടി 25/- |
| | അബാക്കസ് ഉപയോഗിച്ച് സങ്കലനം,വ്യവകലനം | ആഴ്ചയിൽ 2 ദിവസം | ഗണിതാധ്യാപിക | - |
| | കൂട്ടങ്ങളാക്കൽ,ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള സങ്കലനവും വ്യവകലനവും കണ്ടെത്തൽ | ആഴ്ചയിൽ 3 ദിവസം | ഗണിതാധ്യപിക | - |
| | പാട്ടുകൾഉപയോഗിച്ചുള്ള സങ്കലന രീതി പരിചയപ്പെടൽ | ആഴ്ചയിൽ 2 ദിവസം | ഗണിതാധ്യാപിക | - |
| | ഗണിതമൂല തയ്യാറാക്കൽ-കല്ല്,ഞാർക്കിൾ,പുസ്തകങ്ങൾ-ഗണിതകളികൾ | സെപ്റ്റംബർ | ഗണിതാധ്യാപിക പി.ടി.എ | 5000/- പി.ടി.എ |
| | ഗുണനപട്ടിക പഠനം - തുടർച്ചയായ സങ്കലനത്തിലൂടെ ഗുണനം മനസ്സിലാക്കൽ | നവംബർ-മാർച്ച | ഗണിതാധ്യാപിക | - |
| | ഗണിത ലാബ്,ഗണിതാന്തരിക്ഷമൊരുക്കൽ | ജനുവരി | ഗണിതാധ്യാപിക പി.ടി.എ | 5000/- |
| | പതിപ്പുകൾ,ഗണിതമേള | ഫെബ്രുവരി | ഗണിതാധ്യാപിക | 2500/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും സംസ്കൃത ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | 1. പുനപരീക്ഷ നടത്തി മികവുകളും കുറവുകളും കണ്ടെത്തുന്നു. | ജൂൺ ആദ്യവാരം | സംസ്കൃതം ടീച്ചർ | |
| | 2. സംസ്കൃത ഭാഷയിലുള്ള അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | സംസ്കൃതം ടീച്ചർ | - |
| | 3. മലയാള വാചകങ്ങൾ സംസ്കൃതത്തിലേക്ക് പരിവർത്തനം ചെയ്യുക. | ആഴ്ചയിൽ ഒരു ദിവസം | സംസ്കൃതം ടീച്ചറുടെ സഹായത്താൽ | - |
| | 4. സംസ്കൃത പുസ്തക വായന | പ്രതിദിനം | സംസ്കൃതം ടീച്ചർ | - |
| | 5. സംസ്കൃത ഗ്രന്ഥങ്ങളുടെ ശേഖരണം | ഒക്ടോബർ 1 മുതൽ | കുട്ടികൾ, | 500 |
| | 6. പാഠഭാഗവുമായി ബന്ധപ്പെട്ട് ഐ.സി.ടി. സാധ്യത ഉപയോഗിച്ചുള്ള പഠനം | ആഴ്ചയിൽ ഒരു ദിവസം | സംസ്കൃതം ടീച്ചർ പ്രധാനാധ്യാപിക | 500 |
| | 7. പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ അവതരണം ക്ലാസ്സ് മുറികളിൽ നടത്തുക. | ആഴ്ചയിൽ ഒരു ദിവസം | കുട്ടികൾ, സംസ്കൃതം ടീച്ചർ | - |
| | 8. രസകരമായ കഥകളുടെ ദൃശ്യാവിഷ്ക്കാരം | ആഴ്ചയിൽ ഒരു ദിവസം | സംസ്കൃതം ടീച്ചർ | 1500 |
| | 9. പതിപ്പ് തയ്യാറാക്കൽ | ഒക്ടോബർ - മാർച്ച് | കുട്ടികൾ | 500 |
| | | | | |

മേഖല അക്കാദമികം

ഉപമേഖലാ ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഗ്രഹിക്കുന്നതിനും സംസാരിക്കുന്നതിനും രൂപതിനോടൊപ്പം വായിക്കുന്നതിനും എഴുതുന്നതിനുമുള്ള ശേഷി വികസിപ്പിക്കൽ | 1. ഓരോ കുട്ടിയുടെയും മികവുകളും കുറവുകളും കണ്ടെത്താൻ പുനപരീക്ഷ നടത്തുന്നു. | ജൂൺ ആദ്യവാരം | ഹിന്ദി ടീച്ചർ | 500 |
| | 2. വിവിധ കളികളിലൂടെ അക്ഷരങ്ങളേയും വാക്കുകളേയും പരിചയപ്പെടുത്തുന്നു. | എല്ലാ വ്യാഴാഴ്ചകളിലും | ഹിന്ദി ടീച്ചർ | |
| | 3. ഹിന്ദി ഭാഷയിലുള്ള അസംബ്ലി | ജൂൺ മുതൽ | ഹിന്ദി ടീച്ചർ | |
| | 4. ഐ.സി.ടി സാധ്യ ഉപയോഗിച്ച് കഥകൾ, കവിതകൾ പരിചയപ്പെടുത്തുന്ന രീതി. | ഓഗസ്റ്റ് - മാർച്ച് | ഹിന്ദി ടീച്ചർ കുട്ടികൾ | |
| | 5. ഹിന്ദി പുസ്തക പരിചയം, വായനാകുറിപ്പ് തയ്യാറാക്കൽ | സെപ്റ്റംബർ മാർച്ച് ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി ടീച്ചർ കുട്ടികൾ | 500 |
| | 6. പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ അവതരണം നടത്തുക | നവംബർ - മാർച്ച് -ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി ടീച്ചർ കുട്ടികൾ | |
| | 7. വാക്കുകളിൽ നിന്ന് വാചകങ്ങൾ ഉണ്ടാക്കുന്നു. കഥകളും, കവിതകളും രൂപീകരിക്കുന്നു. | ഒക്ടോബർ - മാർച്ച് | കുട്ടികൾ ഹിന്ദി ടീച്ചർ | 500 |
| | 8. പതിപ്പ് തയ്യാറാക്കൽ | ഡിസംബർ - മാർച്ച് | കുട്ടികൾ ഹിന്ദി ടീച്ചർ | 500 |
| | 9. നാടകം, സംഭാഷണം എന്നിവയുടെ അവതരണം. | ജനുവരി - മാർച്ച് | കുട്ടികൾ | 500 |
| | 10. സന്ദേശവാക്യനിർമ്മാണം, വായനാമത്സരം എന്നിവ നടത്തുന്നു. | ഒക്ടോബർ - മാർച്ച് | കുട്ടികൾ | |
| | | | | |

**AREA : ACADEMIC** **ENGLISH LANGUAGE**

| AIM | ACTIVITIES | DURATION | RESPONSIBILITY | FINANCIAL ASSISTANCE |
|---|---|---|---|---|
| All the students can read and write English effectively and fluently | (1) Try to find out the learning level of student (BY taking the test paper and analyse the progress and limitation of the students) | June 1st week | English teacher SRG | PTA 500/- |
| | (2) For solving these limitation, collecting/ preparing the required activities needed for improving English language. | Before June 15th | H.M. English teacher, SRG. | 30 /- per child |
| | (3) English Assembly | Two days in a week | Class Teacher | |
| | (4) Diary Writings | Three days in a week | Class Teacher | |
| | (5) In each day language programme conducts (from each class) | In every day | English Teacher | 5000/- PTA |
| | (6) English – class library learning materials short story books, English news paper (all these are in | From October onwards | H.M, English, Teacher | |

| | | | | |
|---|---|---|---|---|
| | English) | | | |
| | (7) 'Readers theater' in English, skit, Choreography etc. | November to March | English Teacher & PTA | |
| | (8) Magazines, wall magazine | October to March | | 500/- |
| | (9) To encourage creative works of students like short story writing, newspaper report making etc. | February | English teacher, PTA | 5000/- |

മേഖല: അക്കാദമികം

ഉപമേഖല : മലയാളഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാള ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | 1. പഠനനില കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ ആദ്യ വാരം | മലയാള ഭാഷാധ്യാപിക എസ്. ആർ.ജി. | 500/- പി.ടി.എ. |
| | 2. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കുക | ജൂൺ 15നു മുമ്പ് | പ്രഥമാധ്യാപകൻ, എസ്. ആർ.ജി. മലയാള അധ്യാപിക. | ഒരു കുട്ടിക്ക് 50/- നിരക്കിൽ |
| | 3. അസംബ്ലിയിൽ കഥ കവിത നാടൻ പാട്ട് എന്നിവയിലേതെങ്കിലും ഒന്ന് അവതരണം | ആഴ്ചയിൽ 3 ദിവസം | ക്ലാസ് ടീച്ചർ | |
| | 4. ഡയറികുറിപ്പ് എഴുതൽ | പ്രതിദിനം | ക്ലാസ് ടീച്ചർ | |
| | 5. മലയാളം – ക്ലാസ്സ് ലൈബ്രറി, വായനാസാമഗ്രികൾ, ലഘുവായനാപുസ്തകം, പത്രപാരായണം. | ഒക്ടോബർ മുതൽ | ക്ലാസ് ടീച്ചർ | |
| | 6. മലായളം തീയറ്റർ | നവംബർ - മാർച്ച് | മലയാള അധ്യാപിക പി.ടി.എ. | 2000/- പി.ടി.എ. |
| | 7. പതിപ്പുകൾ, മാഗസിൻ (കൈയ്യെഴുത്ത്) തയ്യാറാക്കൽ | ഒക്ടോബർ - മാർച്ച് | മലയാള അധ്യാപിക | 500/- |
| | 8. രചനാ ശില്പശാലകൾ | ഫെബ്രുവരി | മലയാള അധ്യാപിക പി.ടി.എ. | 5000/- |

മേഖല - അക്കാദമികം

ഉപമേഖല - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5 മുതൽ 7 വരെ ക്ലാസുകളിലെ സാമൂഹ്യശാസ്ത്രപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും സാമൂഹ്യശാസ്തര കോർണർ ഉറപ്പാക്കൽ | (1) 5 മുതൽ 7 വരെ പഠനത്തിന് സഹായകമായ സാമൂഹ്യശാസ്ത്ര കോർണറിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ SRG | 500/- പി.ടി.എ. |
| | (2) തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കുന്നു. സാമൂഹ്യശാസ്ത്രമേഖലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ മാപ്പുകൾ, അറ്റ്ലസ് എന്നിവ ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ | ജൂൺ 20ന് മുമ്പ് | ക്രോഡീകരണ ചുമതല സാമൂഹ്യ ശാസ്ത്ര അധ്യാപകൻ/ SRG | ഡി.ടി.പി. 200 രൂപ |
| | (3) സാമഗ്രികൾ വാങ്ങൽ | ജൂലൈ 10ന് മുമ്പ് | എച്ച്.എം. പി.ടി.എ. | 3000 രൂപ |
| | (4)പി.ടി.എ. യോഗത്തിൽ സാമൂഹ്യശാസ്ത്ര കോർണർ സംബന്ധിച്ച അവതരണം | August 15ന് മുമ്പ് | പി.ടി.എ.എച്ച്.എം. സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| | (5)സാമഗ്രികളുടെ നിർമ്മാണ ശില്പശാല, | ഡിസംബർ ആദ്യവാരം | പി.ടി.എ., എച്ച്.എം. അധ്യാ | സ്പോൺസർ |

| | | | | |
|---|---|---|---|---|
| | സ്കൂൾ പഠനോപകരണ ശില്പശാലയുടെ ഭാഗമായി രക്ഷാകർത്താക്കൾ, പി.ടി.എ. അധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കൽ (ഭൂപട നിർമ്മാണം, ഭൂപട മാതൃകകൾ, ഗ്ലോബ്, സൗരയൂഥം, റോക്കറ്റ് മാതൃകകൾ വിവിധ മണ്ണിനങ്ങളുടെ ശേഖരണം. | | പകൻ | ഷിപ്പ് 2000/- |
| | (6)സാമൂഹ്യശാസ്ത്ര കോർണർ ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നു. സ്റ്റീൽ അലമാരകൾ/അലുമിനിയം ഫാബ്രിക്കേഷൻ ഉപയോഗിച്ച് അലമാര | ഡിസംബർ | പി.ടി.എ, എച്ച്.എം. | കോർപ്പറേഷൻ 10000/- |
| | (7)സാമൂഹ്യശാസ്ത്ര ലാബ് സജ്ജമാക്കുന്നു. ക്ലാസ് മുറിയിൽ സൂക്ഷിക്കുവാൻ കഴിയാത്ത് പഠനോപകരണങ്ങൾ, ഏത് ക്ലാസിന് ഉപയോഗിക്കാവുന്ന സാമഗ്രഹികൾ എന്നിങ്ങനെ ലിസ്റ്റ് ചെയ്യുന്നു. | ജനുവരി | SRG സാമൂഹ്യശാസ്ത്ര അധ്യാപകർ | 2000/- പി.ടി.എ. |
| | (8) നിർമ്മാണ ശില്പശാല, സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പതിപ്പുകൾ തയ്യാറാക്കാൻ കോർപറേഷനിലെ മറ്റ് അധ്യാപകർക്കും പങ്കെടുക്കാനവസരം. | ജനുവരി അവസാന വാരം | എച്ച്.എം., എസ്.ആർ.ജി. കൺവീനർ | കോർപ്പറേഷൻ 7500/- |

| | | | | |
|---|---|---|---|---|
| | (୨) സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനുള്ളത് വാങ്ങൽ, രക്ഷിതാക്കളെ വായിപ്പിക്കൽ | ജനുവരി ഫെബ്രുവരി | ക്ലാസ് അധ്യാപകൻ, എച്ച്.എം, പി.ടി.എ. | 1000/- |

മേഖല . അക്കാദമികം ഉപമേഖല
അടിസ്ഥാനശാസ്ത്രപഠനം .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ശാസ്ത്പഠനപ്രവർത്ത-നങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടമുറപ്പിക്കുന്നതിനും എല്ലാ ക്ളാസിലും ശാസ്ത്രമൂല ഉറപ്പാക്കല്ള | ശാസ്ത്രപഠനത്തിന് സഹായകമായ ശാസ്ത്രമൂലയിൻ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ തയ്യാറാക്കൽ | ജൂൺ ആദ്യവാരം | ശാസ്ത്ര അധ്യാപിക | |
| | തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ,വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ ക്ളാസിൻ സൂക്ഷിക്കേണ്ടവ, ലാബിൻ സൂക്ഷിക്കേണ്ടവ എന്ന തരംതിരിക്കൽ ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ ,ഉറപ്പായും നടത്തേണ്ട പരികഷണൾ എന്നിവയും ഉൾപ്പെടുത്തി പ്രിൻറ്റ് ചെയൽ | ഓഗസ്റ്റ് 20ന് മുമ്പ് | ശാസ്ത്ര അധ്യാപികർ എസ്.ആർ.ജി | 500/- |
| | സാമഗ്രികൾ വാങ്ങൽ | സെപ്റ്റംബർ | പ്രഥമാധ്യാപിക എസ്.ആർ.ജി കണവീനർ | 5000/- |
| | പി.ടി.എ യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം. സാമഗ്രികളുടെ ശേഖരണം | ഒക്ടോബർ 20ന് മുൻപ് | പി.ടി.എ. എസ്.എം.സി.എസ്. ആർ.ജി. പ്രഥമാധ്യ | |

മേഖല അക്കാദമികം ഉപമേഖല
അടിസ്ഥാനശാസ്ത്രപഠനം

| | | | | |
|---|---|---|---|---|
| | | | യാപിക | |
| | പരിക്ഷണ സാമഗ്രികളുടെനിർമ്മാണ ശില്പശാല , സ്കൂള പഠനോപകരണ നിർമ്മാണ ശില്പശാലയുടെ ഭാഗമായി രക്ഷാകർത്താക്കൾ ആധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കൽ | ഡിസംബർ ആദ്യ വാരം | പി.ടി.എ പ്രഥമാധ്യാപിക ചുമതലപ്പെടുത്തുന്ന അധ്യാപകർ | സ്പോൺസർഷിപ്പ് 3000/- |
| | ശാസ്ത്രമൂല ക്രമികരിക്കാൻ ആവിശ്യമായ ക്രമികരണം അലമാര | ഡിസംബർ ആദ്യവാരം | പി.ടി.എ. പ്ര | Corporation 8000/- |
| | സ്കൂൾ ലാബ് സജ്ജമാക്കൽ , ക്ലാസ്സ മുറയിൽ സൂക്ഷിക്കുവാൻ കഴിയാത്ത സാമഗ്രികൾ എന്നിങ്ങനെ ലിസ്റ്റ തയ്യാറാക്കൽ | ഡിസംബർ | എസ്.ആർ.ജി / ശാസ്ത്രതാൽപര്യമുള്ള അധ്യാപകർ | 2000/- പി.ടി.എ |
| | പരിക്ഷണ ശില്പശാല – ചെറുതും വലുതുമായ പരിക്ഷണങ്ങൾ ചെയതക്ക് പരിക്ഷിക്കൽ | ഡിസംബർ അവസാനവാരം | എച്ച് എം എസ.ആർ.ജി കൺവീനർ | Corporation 7500/- |
| | ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനുള്ളത് വാങ്ങൽ | ഡിസംബർ ഫബ്രുവരി | ക്ലാസ്സ് അധ്യാപകർ എച്ച എം പി.ടി.എ | 3000/- |
| | | | | |
| | | | | |
| | | | | |
| | | | | |

മേഖല :അക്കാദമികം

LP Section

English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കൽ. | 1. പഠന നില കണ്ടെത്തൽ pre test | ജൂൺ ആദ്യവാരം | ഇംഗ്ലീഷ് ടീച്ചർ | |
| | 2. പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ ശേഖരിക്കൽ | ജൂൺ 15ന് മുമ്പ് | ഇംഗ്ലീഷ് ടീച്ചർ | |
| | 3. ഇംഗ്ലീഷ് ഭാഷയിലുള്ള അസംബ്ലി | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ് ടീച്ചർ | |
| | 4. ഇംഗ്ലീഷിലുള്ള ഡയറി കുറിപ്പ് | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ് ടീച്ചർ | |
| | 5. ഒരു ദിവസം ഒരു ഭാഷ പരിപാടി ( എല്ലാ ക്ലാസിലും) | പ്രതിദിനം | ഇംഗ്ലീഷ് ടീച്ചർ | |
| | 6. ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി | ആഗസ്റ്റ് മുതൽ | ഹെഡ്മിസ്ട്രസ്സ് | 5000/- PTA |
| | 7. ഇംഗ്ലീഷ് തീയേറ്റർ | September | | 8000/- Sponsored |

| | | | | |
|---|---|---|---|---|
| | 8. പതിപ്പുകൾ, മാഗസിനുകൾ | ഒക്ടോബർ മുതൽ | ഇംഗ്ലീഷ് ടീച്ചർ | 500/- |
| | 9. രചനാ ശില്പശാലകൾ | February | ഹെഡ്മിസ്ട്രസ് | 3000/- HM |
| | 10. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് | Every week | സ്പോക്കൺ ഇംഗ്ലീഷ് ടീച്ചർ | 100/-per child |
| | 11. Cursive writing & composition writing | | ഇംഗ്ലീഷ് ടീച്ചർ | 100/-per child |

മേഖല :ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഇംഗ്ലീഷ് പഠന പരിപോഷണം | 1.Eng library collection of simple pictures, stories, puzzles & distribution among students<br>2.Eng reading room Created. Give chance to read in free time. | One day in every week<br>Every day | English teacher<br>Class teacher | 6000/- PTA |

| | | | | |
|---|---|---|---|---|
| | 3. കമ്പ്യൂട്ടർ റൂം വായിച്ചറിഞ്ഞ കാര്യങ്ങളുടെ വീഡിയോ അവതരണം | ആഴ്ചയിൽ 3 ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| | 4. Tape Recorder ഉച്ചാരണം ഉറപ്പിക്കുന്നതിനായി Tape Recordings audio presentation and English movies | ആഴ്ചയിൽ 3 ദിവസം | ഇംഗ്ലീഷ് ടീച്ചർ | സ്പോൺസർഷിപ്പ് 2000 /- |

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഇംഗ്ലീഷ് പഠന പരിപോഷണം | 1. ക്ലാസ്സ് പി.ടി.എ ശക്തിപ്പെടുത്തുന്നു. ഇംഗ്ലീഷ് ഭാഷ പഠനത്തെക്കുറിച്ച് ബോധവൽക്കരണം പി.ടി.എ.യുടെ സഹകരണത്തോടെയുള്ള തുടർ പ്രവർത്തനങ്ങൾ | | ഇംഗ്ലീഷ് ടീച്ചർ<br>H.M.<br>M.P.T.A | 2000 പി.ടി.എ. |
| | 2. Field observation | ഓരോ 10 ദിവസം കൂടുമ്പോഴും | | |
| | 3. Co-operative learning parents ന്റെ സഹായത്തോടെ ഇംഗ്ലീഷ് പഠനം എളുപ്പമാക്കാൻ learning Materials ഉണ്ടാക്കൽ Practice and drill | ആഴ്ചയിൽ 1 ദിവസം | | |
| | 4. വിദ്യാഭ്യാസ പ്രവർത്തകരുടെ സഹായത്തോടെ, സെമിനാർ അഭിമുഖങ്ങൾ സംഘടിപ്പിക്കൽ | | | സ്പോൺസർഷിപ്പ് 2000 /- |
| | 5. വ്യവസായ ഗ്രൂപ്പിന്റെ സേവനം പ്രയോജനപ്പെടുത്തി ഐ.ടി. പരിശീലനം | 2ആഴ്ചയിൽ 1 ദിവസം | | |

L.P.
EVS

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഒന്നുമുതൽ നാല് വരെ ക്ലാസ്സുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടമുറപ്പിക്കുന്നതിനും | 1. ഒന്നു മുതൽ നാല് വരെ പഠനത്തിന് സഹായകമായ ശാസ്ത്ര മൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | June ആദ്യ വാരം | ക്ലാസ് ടീച്ചർ (ഓരോ ക്ലാസ്സിലെ അദ്ധ്യാപികരുടെ ടീം) | |
| | 2. തയ്യാറാക്കിയ ലിസ്റ്റിനെ തരം തിരിക്കൽ<br>1) ശേഖരിക്കൽ<br>2) വാങ്ങേണ്ടവ<br>3) നിർമ്മിക്കേണ്ടവ<br>4) ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ<br>5) ലാബിൽ സൂക്ഷിക്കേണ്ടവ<br>6) ശാസ്ത്ര മൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ<br>7) ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ | August 15ന് മുൻമ്പ് | ക്ലാസ് ടീച്ചർ & എസ്.ആർ.ജി. | 500/- |
| | 3. സാമഗ്രികൾ വാങ്ങൽ | September | എസ്.ആർ.ജി. കൺവീനർ | 3000 /- |
| | 4. പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല രക്ഷാകർത്താക്കളുടെ സഹകരണത്തോടെ. കൂടെ അധ്യാപകരും | October ആദ്യവാരം | പി.ടി.എ. & ഹെഡ്മിസ്ട്രസ്സ് | സ്പോൺസർഷിപ്പ് 3000/- |
| | 5. ശാസ്ത്രമൂലക്ക് ആവശ്യമായ അലമാരകൾ; അലുമിനിയം ഫേബ്രിക്കേഷൻ ഉപയോഗിച്ച് | ഡിസംബർ ആദ്യവാരം | പി.ടി.എ. & ഹെഡ്മിസ്ട്രസ്സ് | corporation 8000/- |
| | 6. സ്കൂൾ ലാബ് സജ്ജമാക്കൽ ക്ലാസ്സ് മുറിയിൽ | ഡിസംബർ ആദ്യവാരം | എസ്.ആർ.ജി. സയൻസ് ടീച്ചർ | പി.ടി.എ. 2000/- |

| | | | | |
|---|---|---|---|---|
| | സുക്ഷിക്കാൻ കഴിയാത്ത സാമഗ്രികൾ, പാഠം ഏത് ക്ലാസിന് ഉപയോഗിക്കാവുന്നവ ലിസ്റ്റ് തയ്യാറാക്കൽ | | | |
| | 7. പരീക്ഷണ ശില്പശാല ഒന്നുമുതൽ നാല് ക്ലാസ്സിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ | ഡിസംബർ അവസാന വാരം | ഹെഡ്മിസ്ട്രസ്സ് എസ്.ആർ.ജി. കൺവീനർ | corporation 8000/- |
| | 8. ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസ്സ് നിലവാരത്തിനുള്ളത് വാങ്ങൽ, കുട്ടികളെ വായിപ്പിക്കൽ | ഡിസംബർ ഫെബ്രുവരി | ക്ലാസ്സ് ടീച്ചേഴ്സ് ഹെഡ്മിസ്ട്രസ്സ് പി.ടി.എ. | 3000/- |

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഒന്നുമുതൽ നാല് വരെ ക്ലാസ്സുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടമുറപ്പിക്കുന്നതിനും | 1. കമ്പ്യൂട്ടർ റൂം<br>2. ലൈബ്രറി<br>3. ലബോറട്ടറി<br>4. മാലിന്യസംസ്കരണം | ഒക്ടോബർ ആദ്യവാരം | സയൻസ് ടീച്ചേഴ്സ് ഹെഡ്മിസ്ട്രസ്സ് & പി.ടി.എ | corporation 8000/- |

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഒന്നുമുതൽ നാല് വരെ ക്ലാസ്സുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടമുറപ്പിക്കുന്നതിനും | 1. ഗ്രന്ഥശാലകൾ<br>2. ക്ലബ്ബുകൾ<br>3. പൂർവ്വാധ്യാപകർ<br>4. സഹകരണ സ്ഥാപനങ്ങൾ<br>5. വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ | ഒക്ടോബർ ആദ്യവാരം മുതൽ ഫെബ്രുവരി | ക്ലാസ്സ് ടീച്ചേഴ്സ് ഹെഡ്മിസ്ട്രസ്സ് | പി.ടി.എ. 2000/- |

മേഖല: അക്കാദമികം　　　　　　　　　　　　　　　　　　　　　ഉപമേഖല: മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ ഭാഷാശേഷി വികസനം<br><br>വായനാ പരിപോഷണം | 1. പ്രീ ടെസ്റ്റ് നടത്തി വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. | **ജൂൺ** ആദ്യവാരം | ക്ലാസ്സ് ടീച്ചർ | |
| | 2. അക്ഷരത്തിളക്കം പരിപാടി ആഴ്ചയിൽ 5 മണിക്കൂർ നടപ്പിലാക്കുന്നു. | പ്രതിദിനം | ക്ലാസ്സ് ടീച്ചർ രക്ഷിതാക്കൾ | |
| | 3. അസംബ്ലി നടത്തുന്നു | മൂന്ന് ദിവസം | പ്രധാന അദ്ധ്യാപകൻ | |
| | 4. ഡയറി എഴുത്ത് | **August** | ക്ലാസ്സ് ടീച്ചർ | |
| | 5. മലയാളം ലൈബ്രറി, വായനാ പുസ്തകം, പത്രം, വായനാസാമഗ്രികൾ | നവംബർ | എൽ പി ടീച്ചർമാർ SRG | 2500/- |
| | 6. പതിപ്പ്, മാഗസീൻ, രചന | ഡിസംബർ-മാർച്ച് | ക്ലാസ്സ് ടീച്ചർ | 1500/- |
| | 7. ചിത്രകാർഡുകൾ, വായനാകാർഡുകൾ, വലിയക്ഷരത്തിൽ എഴുതിയ അക്ഷര കാർഡുകൾ എന്നിവ ഉപയോഗിച്ച് അക്ഷരങ്ങൾ ഉറപ്പിക്കുന്നു. സ്വരാക്ഷരങ്ങളും, വ്യഞ്ജനാക്ഷരങ്ങളും തിരിച്ചറിയുന്നു. ഈ അക്ഷരങ്ങൾ ഉപയോഗിച്ച് ചെറിയ വാക്കുകളും, വാചകങ്ങളും ഉണ്ടാക്കുന്നു. | ഒക്ടോബർ<br><br>ജനുവരി | ക്ലാസ്സ് ടീച്ചർ | |

❖ എൽ.പി,യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അധ്യാപക -രക്ഷാകർതൃ സംഘടനകൾ, പൂർവ്വവിദ്യാർത്ഥി സംഘടനകൾ എന്നിവകളുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കും.

## 1. പ്രീസ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കും

❖ അംഗൻവാടികളടക്കമുള്ള മുഴുവൻ പ്രീസ്കൂളുകളിലെയും അധ്യാപികമാർക്ക് സാമൂഹികനീതി വകുപ്പുമായി സഹകരിച്ച് ആഴത്തിലുള്ള പരിശീലനം നൽകും.

## 2. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കി കൊണ്ട് അനന്യമായ കേരള മാതൃക സൃഷ്ടിക്കും.

❖ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ലോകത്തെവിടെയുമുള്ള നിശ്ചിതപ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും കേരളത്തിലെ സമാനപ്രായക്കാരും നേടി എന്നുറപ്പാക്കും. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകും. സ്വയം പഠനവും കൂട്ടായ പഠനവും പഠന പ്രക്രിയയുടെ ഭാഗമാകും. ലോകത്തെവിടെയുമുള്ള സമപ്രായക്കാരുമായി, നേടിയ അറിവിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിൽ സംവദിക്കാനുള്ള ശേഷി കൈവരിച്ചു എന്ന് ഉറപ്പാക്കും. മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി വിദ്യാലയങ്ങളുടെ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തും. ആധുനികശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകളെല്ലാം പഠനപ്രവർത്തനത്തിനായി വിനിയോഗിക്കും.

## 3. കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ ക്യാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കിമാറ്റും.

പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ ക്യാമ്പസിനെ ഒരു

പാഠപുസ്തകമാക്കി മാറ്റുകയും ചെയ്യും. വിദ്യാർത്ഥികൾക്ക് പ്രകൃതിപഠന പ്രവർത്തന പുസ്തകം തയ്യാറാക്കി നൽകും.

4. **വായനശാല, ലബോറട്ടറി എന്നിവ ആധുനികവത്കരിക്കും.**

5. **വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കും.**

വോട്ടവകാശ പ്രായത്തിൽതന്നെ തൊഴിലെടുക്കാനുള്ള കഴിവ് വികസിപ്പിക്കുവാൻ ലക്ഷ്യമിട്ട് സ്കിൽ ഡെവലപ്മെന്റ് പരിപാടി സമഗ്രമാക്കും.

6. **കൗൺസലിങ്ങ് സൗകര്യം ലഭ്യമാക്കും**

കുടുംബഘടനയിലും ജീവിതരീതിയിലും വന്ന മാറ്റങ്ങൾ, അണുകുടുംബങ്ങളിൽ കുട്ടികൾക്ക് ലഭിക്കുന്ന അമിത പരിരക്ഷ, ആധുനിക സാങ്കേതിക വിദ്യകളിൽ അന്തർലീനമായിട്ടുള്ള പ്രശ്നങ്ങൾ ഇതെല്ലാം കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറക്കത്തിനും ഇടയാക്കുന്നു. ഈയൊരു അവസ്ഥയെ തരണം ചെയ്യാനാവശ്യമായ കൗൺസലിങ്ങ് സൗകര്യം സ്കൂളുകളിൽ ഉണ്ടാകും.

7. **സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകും സമഗ്രവിദ്യാഭ്യാസം**

വിദ്യാർത്ഥികളുടെ കഴിവിന്റെ സമസ്ത മേഖലകളുടെയും വികാസം ലക്ഷ്യമിടും. ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി വികസിപ്പിക്കും. സംഗീതം, ചിത്രം തുടങ്ങിയ കഴിവുകൾ പ്രകടിപ്പിക്കാനുള്ളഅവസരം ഉണ്ടാക്കും.വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാക്കും. കലാകായിക മേഖലകളിൽ വിദഗ്ദ്ധ പരിശീലനം ഉറപ്പാക്കും.

**പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും.**

പഠനപിന്നോക്കാവസ്ഥയുടെ കാരണങ്ങൾ കണ്ടുപിടിച്ച് ഇടപ്പെടുന്നതിന് അധ്യാപകരെ പ്രാപ്തരാക്കും. പഠനനിലവാരം ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കും.

സ്കൂൾതലത്തിൽ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും.

സാമൂഹികവും, കുടുംബപരവും സാമ്പത്തികവുമായ കാരണങ്ങളാൽ പഠനം നിർത്താൻ നിർബന്ധിതരാകുന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള കൂട്ടായ്മകൾ വികസിപ്പിക്കും. വിദ്യാർത്ഥികളുടെ താല്പര്യം, കഴിവ്, അഭിരുചി എന്നിവ പരിഗണിച്ച് പ്രത്യേക പദ്ധതികൾ നടപ്പിലാക്കും. വിദ്യാലയത്തിൽ എത്തിച്ചേരാൻ അസൗകര്യമുള്ള പ്രദേശങ്ങളിൽ വാഹനസൗകര്യം ഏർപ്പെടുത്തും.

ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ പാഠ്യേതര പ്രവർത്തനങ്ങൾക്ക്

കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തും. ഓരോ പ്രദേശത്തിന്റെയും അന്യം വന്നുകൊണ്ടിരിക്കുന്ന തനതു കളികളെ സംരക്ഷിക്കുകയും, ഭാവി തലമുറക്ക് പരിചയപ്പെടുത്തുകയും ചെയ്യാനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകും.

വിദ്യാഭ്യാസത്തിൽ ജനാധിപത്യവത്ക്കരണം അർത്ഥപൂർണ്ണമാക്കും

ജനാധിപത്യശീലങ്ങൾ സ്വാംശീകരിക്കുന്നതിന് നേതൃത്വശേഷി, പരസ്പര ബഹുമാനം, ലഹരിവിരുദ്ധ പ്രവർത്തനം, മാലിന്യസംസ്കരണം, പരിസ്ഥിതി പ്രവർത്തനം, ദിനാചരണങ്ങൾ, സാംസ്കാരികപ്രവർത്തനങ്ങൾ എന്നിവയിലൂടെയെല്ലാം ജനായത്ത വിദ്യാലയ സങ്കൽപ്പം വികസിപ്പിക്കും.

ലഹരിവിരുദ്ധ മനോഭാവം വളർത്തും

മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയ ലഹരിയുടെ ഉപയോഗം വ്യക്തികളെയും, കുടുംബത്തെയും സമൂഹത്തെയും എങ്ങനെയെല്ലാം ബാധിച്ചിട്ടുണ്ടെന്ന് പഠനങ്ങളിലൂടെയും അവതരണങ്ങളിലൂടെയും മനസ്സിലാക്കികൊടുക്കുകയും അതിനെതിരായുള്ള പ്രവർത്തനങ്ങൾക്ക് കുട്ടികളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തും.

കുടിവെള്ള സൗകര്യം, പാചകപ്പുര, ഭക്ഷണഹാൾ തുടങ്ങി അനിവാര്യമായ എല്ലാ സൗകര്യങ്ങളും, ജനപങ്കാളിത്തത്തോടെ ഘട്ടം ഘട്ടമായി ഒരുക്കും.

## എല്ലാ സ്കൂളുകളിലും സമഗ്രവിദ്യാലയ വികസന രൂപരേഖ തയ്യാറാക്കും.

അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ നേതൃത്വത്തിൽ, പൂർവ്വ വിദ്യാർത്ഥികൾ തദ്ദേശഭരണ പ്രതിനിധികൾ, വിദ്യാലയ തത്പരരായ വ്യക്തികൾ എന്നിവരുടെയെല്ലാം നിർദ്ദേശങ്ങൾ പരിഗണിച്ച് സമഗ്രവിദ്യാലയ വികസന രൂപരേഖ തയ്യാറാക്കും.

## നിലവാരമുള്ള അധ്യാപക പരിശീലനം

സംസ്ഥാനത്തെ കാഴ്ചപ്പാടും, വൈദഗ്ധ്യവുമുള്ള അധ്യാപക പരിശീലനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിയുന്ന റിസോഴ്സ് ടീമിനെ സജ്ജമാക്കും. ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങിയവയെ അധ്യാപക പരിശീലനമായി ബന്ധിപ്പിക്കും. ഗവേഷണാത്മകമായി ഇടപെടുന്നതിന് അധ്യാപകരെ സജ്ജമാക്കും.

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തും.

ഓരോ വിദ്യാലയത്തിനും ജനപങ്കാളിത്തത്തോടെ വികസനപദ്ധതി ഉണ്ടാക്കും. വിദ്യാർത്ഥികൾ നിർദ്ദിഷ്ട കഴിവുകൾ ആർജ്ജിച്ചിരിക്കും എന്ന് ഓരോ സ്കൂളും പ്രഖ്യാപിക്കും. വികസന പദ്ധതിയുടെ നിർവഹണം.

## പ്ലാസ്റ്റിക്, കീടനാശിനി, ലഹരി മുക്ത ക്യാമ്പസ്

സ്കൂൾതല ആരോഗ്യ വിദ്യാഭ്യാസത്തിന് മാർഗ്ഗരേഖ തയ്യാറാക്കും. ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കും. ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം സ്കൂൾ ക്യാമ്പസിലുണ്ടാകും. കീടനാശിനികളുടെ അമിത ഉപയോഗത്തിനെതിരെ പ്രചാരം സംഘടിപ്പിക്കും.

## കാർഷിക സംസ്കാരം വളർത്തിയെടുക്കും

കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ കൃഷിരീതികൾ പരിചയപ്പെടുത്തും.

## ക്ലാസ്സ് മുറികൾ ഹൈടെക് ആക്കും

ആധുനിക സാങ്കേതികവിദ്യയുടെ എല്ലാ സാധ്യതകളും ക്ലാസ്സ് റൂമിൽ ലഭ്യമാക്കും. ഐ.ടി. അധിഷ്ഠിത പഠന സാമഗ്രികൾ വികസിപ്പിക്കുന്നതിലും, ഉപയോഗിക്കുന്നതിലും അധ്യാപകരെ പ്രാപ്തരാക്കും.

## സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തും

പഠനമികവിനായി ഭൗതിക സൗകര്യങ്ങളുടെ മികവ് ഉറപ്പാക്കും. സ്കൂൾ കെട്ടിടങ്ങൾ ആകർഷകമാക്കും. സ്കൂൾ കെട്ടിടങ്ങളോടൊപ്പം കളിസ്ഥലം, ശുചിത്വസൗകര്യങ്ങൾ, വിലയിരുത്താൻ മാനദണ്ഡങ്ങൾ തയ്യാറാക്കും. ഓരോ വിദ്യാലയവും ജനപങ്കാളിത്തത്തോടെ തയ്യാറാക്കുന്ന വികസനപദ്ധതികൾ വിലയിരുത്തുന്നത് വിദ്യാലയവുമായി ബന്ധപ്പെട്ട സമൂഹമായിരിക്കും. കൃത്യമായി തയ്യാറാക്കിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിപുലമായ പങ്കാളിത്തത്തോടെ സാമൂഹികമായ പരിശോധന നടത്താൻ ഉതകുന്ന ഒരു രീതിശാസ്ത്രം വികസിപ്പിക്കും.

## വിദ്യാലയം മികവിന്റെ കാഴ്ചപ്പാട്

വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ ICT സാധ്യത ഉപയോഗിച്ചുകൊണ്ടുള്ള പഠനം നടത്തി വരുന്നു. കൂടുതൽ മികവേറിയ പഠനസൗകര്യങ്ങൾ നടപ്പിലാക്കുവാൻ പദ്ധതികൾ രൂപീകരിക്കുവാൻ തീരുമാനിച്ചു. മലയാളം മധുരമാക്കാൻ മലയാളതിളക്കം പരിപാടി സ്കൂളിൽ നടത്തി വരുന്നു. അക്ഷരം ഉറപ്പിക്കുന്നതിനും മലയാളത്തിനോടുള്ള താൽപര്യം കുട്ടികളിൽ വർദ്ധിപ്പിക്കുന്നതിനും ഈ പരിപാടി ഉപകാരപ്രദമായി. കുട്ടികളിലുള്ള സർഗവാസനകൾ ഉയർത്തുന്നതിനായി വിദ്യാരംഗം കലാസാഹിത്യവദിയുടെ പ്രവർത്തനം സജീവമായി നടത്തിവരുന്നു. ഇംഗ്ലീഷ് ഭാഷയിലുള്ള പ്രവർത്തനം ഉറപ്പു വരുത്തുവാൻ ഹലോ ഇംഗ്ലീഷ് പരിപാടി വിദ്യാ

ലയത്തിൽ നടത്തിവരുന്നു. ഇംഗ്ലീഷ് ഭാഷയിലുള്ള അസംബ്ലി, ഇംഗ്ലീഷ് പുസ്തക വായന, സ്പോക്കൺ ഇംഗ്ലീഷ് ഈ പ്രവർത്തനങ്ങളെല്ലാം വിദ്യാലയവും, വിദ്യാർത്ഥികളും മികവുറ്റതാകുവാൻ സഹായിച്ചു. കൂടാതെ ഹിന്ദി, സംസ്കൃതം എന്നീ ഭാഷകളുടെ, പഠനവും, പ്രവർത്തനങ്ങളും വിദ്യാലയ മികവിന്റെ പ്രവർത്തനപദ്ധതികളാണ്. ശാസ്ത്രവിഷയങ്ങളിലുള്ള പ്രാവീണ്യം ഉറപ്പു വരുത്താൻ സയൻസ് ലാബുകൾ ആരംഭിക്കുകയും വിദ്യാലയം പരീക്ഷണവേദികളാവുകയും മികവിന്റെ കേന്ദ്രങ്ങളാവുകയും ചെയ്തു.

ചരിത്രപരമായ അറിവുകൾ വർദ്ധിപ്പിക്കുന്നതിനായി ചരിത്ര മ്യൂസിയം സംഘടിപ്പിച്ചു. പഴയകാല ഉപകരണങ്ങൾ, നാണയങ്ങൾ, വിളക്കുകൾ, പാത്രങ്ങൾ എന്നിവയുടെ പ്രദർശനവും ഉണ്ടായിരുന്നു. ദിനാചരണങ്ങളോട് അനുബന്ധിച്ചും പൊതുവിജ്ഞാനം ഉറപ്പുവരുത്തുന്നതിനും ചോദ്യോത്തര വേദികൾ സ്കൂളിൽ നടത്തി വരുന്നു. ശുചിത്വം ഉറപ്പുവരുത്താൻ കൃത്യമായ മാലിന്യനിർമാർജ്ജനം വിദ്യാലയത്തിൽ നടത്തിവരുന്നു. പ്ലാസ്റ്റിക് നിർമാർജ്ജനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് പേന, പ്ലാസ്റ്റിക് കുപ്പികൾ ഇവയ്ക്കുപകരം മഷി നിറച്ച പേനകളും, സ്റ്റീൽ കുപ്പികൾ ഉപയോഗിച്ചുള്ള ജലപാനവും വിദ്യാലയത്തെ ഏറെ മികവുറ്റതാക്കി. പ്രീപ്രൈമറി വിദ്യാഭ്യാസം ആകർഷകമാക്കുവാൻ മനോഹരമായ ക്ലാസ്സ്മുറികൾ സജ്ജീകരിച്ച് അനുഗുണമായ പാഠ്യപദ്ധതികൾ രൂപീകരിച്ചു. പുതിയ ജീവിതരീതികൾ മാനസികസംഘർഷത്തിനും, പിരിമുറുക്കങ്ങൾക്കും കുട്ടികൾ ഉടമകളാകാതിരിക്കുവാൻ വിദ്യാലയത്തിൽ കൗൺസലിങ്ങ് സംവിധാനങ്ങൾ നടത്തിവരുന്നു. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണനയും നൽകി വരുന്നു. കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനായി വിദ്യാലയത്തിൽ ജൈവകൃഷിതോട്ടംനടത്തുന്നു. വിഷമില്ലാത്ത പച്ചക്കറികൾ ഉച്ചഭക്ഷണത്തിൽ ചേർക്കുകയും ചെയ്യുന്നു. നിലവാരമുള്ള അധ്യാപക പരിശീലനം നേടിയ അധ്യാപകരുടെ സേവനം വിദ്യാലയം ഏറെ മികവുറ്റതാക്കും.

# സെന്റ് മേരീസ് യു.പി. സ്കൂൾ, ലൂർദ്ദ്, തൃശ്ശൂർ - 5

## വിദ്യാലയം - ലഘുചരിത്രം

പൂരങ്ങളുടെ നാടായ തൃശ്ശൂർ പട്ടണത്തിൽ തലയെടുപ്പോടെ നിൽക്കുന്ന വിദ്യാലയമാണ് ലൂർദ്ദ് സെന്റ് മേരീസ് യു.പി.സ്കൂൾ. ആകാരഭംഗിയിൽ മാത്രമല്ല, അധ്യായന നിലവാരത്തിലും അച്ചടക്കത്തിലും കലാകായിക രംഗങ്ങളിലും ഭൗതികസൗകര്യങ്ങളിലും ഉന്നത നിലവാരം പുലർത്തുന്ന ഈ വിദ്യാലയം തൃശ്ശൂർ പട്ടണത്തിന്റെ തിലകക്കുറിയാണ്. കുട്ടികളുടെ പഠനത്തിലെന്നതിനേക്കാളുപരി സ്വഭാവ രൂപീകരണത്തിൽ ശ്രദ്ധിക്കുന്ന, വിദ്യാർത്ഥികളെ സ്നേഹിക്കുന്ന അധ്യാപകരാണ് ഈ വിദ്യാലയത്തിന്റെ മുതൽക്കൂട്ട്. സ്വഭാവരൂപീകരണവും ആധ്യാത്മിക ശിക്ഷണവും മുഖമുദ്രയായി സ്വീകരിച്ചിട്ടുള്ള ഈ വിദ്യാലയം ഉന്നതിയുടെ സോപാനങ്ങളിലേയ്ക്ക് ഓരോ വർഷവും അംഗീകാരത്തിന്റെയും വിജയത്തിന്റെയും പതാക പാറിച്ചുകൊണ്ട് മറ്റു വിദ്യാലയങ്ങൾക്ക് മാതൃകയായി മുന്നേറികൊണ്ടിരിക്കുന്നു.

തൃശ്ശൂർ അതിരൂപതയിലെ ഏറ്റവും നല്ല യു.പി. സ്കൂളുകളിൽ ഒന്നാണ് ലൂർദ്ദ് യു.പി. സ്കൂൾ. ശാസ്ത്ര പ്രദർശനം, പ്രവൃത്തി പരിചയം, ഗണിത ശാസ്ത്ര പ്രദർശനം, ബാലകലോത്സവം, കായിക മത്സരം എന്നിവയിൽ ലൂർദ്ദ് സ്കൂൾ വളരെയധികം സമ്മാനങ്ങൾ വർഷം തോറും വാരിക്കൂട്ടിയിട്ടുണ്ട്. സ്കൂളിന്റെ ആവശ്യങ്ങളിൽ നൂറുശതമാനം സഹകരിക്കുന്ന ഒരു അധ്യാപക-രക്ഷാകർതൃസംഘടനയാണ് ഇവിടെയുള്ളത്. പരീക്ഷകൾ കൃത്യമായി നടത്തുന്നു. കുട്ടികൾക്കുവേണ്ടി വളരെയധികം നല്ല കാര്യങ്ങൾ ചെയ്യാൻ അധ്യാപകരുടെ കൂട്ടായ, ആത്മാർത്ഥമായ പ്രവർത്തനങ്ങൾ കൊണ്ട് സാധിക്കുന്നു. ഇതിനെല്ലാം പ്രചോദനവും, പ്രോത്സാഹനവും, സഹായങ്ങളും നൽകുന്നത് ലൂർദ്ദ് സ്കൂളിന്റെ മാനേജർ വെരി. റവ. ഫാ. ജോസ് വല്ലൂരാനാണ്.

തൃശ്ശൂർ ഈസ്റ്റ് ഉപജില്ലയിലെ ബെസ്റ്റ് യു.പി. സ്കൂളായി ആറു തവണ നമ്മുടെ വിദ്യാലയം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് എന്നത് എടുത്തു പറയേ

ണ്ടതായ ഒരു നേട്ടമാണ്. വിദ്യാലയത്തിലെ മികച്ച പ്രവർത്തനങ്ങളെ വില യിരുത്തികൊണ്ട് സംസ്ഥാനതലത്തിൽ ഏർപ്പെടുത്തിയ അധ്യാപക അവാർഡിന് ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. എം.പി. ചാക്കുണ്ണി മാസ്റ്റർ 1992 ലും ഹെഡ്മാസ്റ്റർ ശ്രീ. തോമസ് ജോസഫ് കെ. മാസ്റ്റർ 2004 ലും അർഹ നായിട്ടുണ്ട്.

തൃശ്ശൂർ അതിരൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി നട ത്തുന്ന ഏകീകൃത മൂല്യനിർണ്ണയത്തിൽ നിരവധി തവണ എൽ.പി. വിഭാഗ ത്തിലും ഒന്നാം സ്ഥാനം നമ്മുടെ വിദ്യാലയം കരസ്ഥമാക്കിയിട്ടുണ്ട്. 2004 ൽ ഹെഡ്മിസ്ട്രസ് ആയി ചുമതലയേറ്റ ശ്രീമതി. പി.എ. ലിംസി ടീച്ചറുടെ കാലത്തും ലൂർദ്ദ് സ്കൂൾ ഉയർച്ചയുടെ പാതയിലായിരുന്നു. പിന്നീട് വന്ന ഹെഡ്മാസ്റ്റർ ശ്രീ. ബാബു മാസ്റ്റർക്ക് കുട്ടികളിൽ സാമൂഹ്യബോധം വളർത്താൻ ഉപകരിക്കുന്ന മികച്ച പ്രവർത്തനങ്ങളുടെ അംഗീകാരമായി പോലീസിന്റെ ജനമൈത്രി പുരസ്കാരം ലഭിക്കുകയുണ്ടായി. ഇന്ന് ലൂർദ്ദ് സെന്റ് മേരീസ് യു.പി.സ്കൂളിന്റെ സർവ്വതോന്മുഖമായ വളർച്ചക്ക് വിശ്വ സ്തതയോടെ, ആത്മസമർപ്പണത്തോടെ അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരി ക്കുന്ന പ്രധാനാധ്യാപിക **ഷീജ** ടീച്ചർ ഓരോ വിദ്യാർത്ഥികളിലേക്കും ആഴത്തിൽ ഇറങ്ങിച്ചെല്ലുകയും അവരുടെ പഠനനിലവാരത്തിൽ ശ്രദ്ധ പുലർത്തുകയും കുട്ടികളിലെ ക്രിയാത്മക കഴിവുകളെ തിരശ്ശീല നീക്കി വെളിച്ചത്തു കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്യുന്നു.

അഭിനന്ദനം വേണ്ടിടത്ത് അഭിനന്ദനവും, ശിക്ഷണം നൽകേണ്ടയിടത്ത് ശിക്ഷണവും നൽകി വിദ്യാർത്ഥികളെ ആത്മാർത്ഥതയും സത്യസന്ധതയും പുലർത്തുന്ന ഭാവിയിലെ തിളക്കമാർന്ന പ്രതിഭകളായി വാർത്തെടുക്കുവാ നായി പരിശ്രമിക്കുന്നു. ഇതിന്റെ ഭാഗമായി മാതാപിതാക്കളും അധ്യാപക രുമായി നല്ലൊരു സൗഹൃദം കെട്ടിപ്പടുത്തിരിക്കുന്നു. ടീച്ചറുടെ നേതൃത്വ ത്തിൽ സ്കൂൾ ഉന്നതിയിൽ നിന്ന് ഉന്നതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കു കയാണ്.

ഓരോ ദിനാചരണങ്ങളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനങ്ങൾക്ക് പുറമേ സ്കൂളിലെ ഓരോ കുട്ടിയേയും (LKG മുതൽ 7 വരെ) ഏതെങ്കിലും ഒരു പ്രവർത്തനത്തിൽ ഉൾക്കൊള്ളിക്കുന്ന രീതിയിലുള്ള വ്യത്യസ്തതയാർന്ന തനത് പ്രവർത്തനങ്ങളും സ്കൂളിൽ നടപ്പിലാക്കി വരുന്നുണ്ട്.

- ILAS (Improving Language Ability of Students ) എന്ന spoken english course ന്റെ സുഗമമായ ക്ലാസുകളിലൂടെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷയിലുള്ള മികവ് കൂട്ടുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്.
- വായനാ മൃതം – ഈ തനതു പ്രവർത്തനത്തിലൂടെ പഴയ തലമുറയിലുള്ള കഥകളും കവിതകളും ഇന്നത്തെ പുതുതലമുറയ്ക്ക് എത്തിച്ചു നൽകുന്നതിനും വായനയോടുള്ള താൽപര്യം കൂട്ടുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തന്നെ എല്ലാ കുട്ടികളും എല്ലാദിവസവും ഓരോ ഭാഷയിലുള്ള വായനകളുടെ audioclips അധ്യാപകർക്ക് അയച്ചു നൽകുന്നുണ്ട്.
- യന്തിരൻ - കുട്ടികളിലെ ശാസ്ത്രബോധം വളർത്തുന്നതിനായി വീട്ടിൽ ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് കൊണ്ടുള്ള കൊച്ചുകൊച്ചു പരീക്ഷണങ്ങളാണ് അത്. വളരെ നന്നായി തന്നെ കുട്ടികൾ ഇതിനോട് താൽപര്യം കാണിക്കുന്നുണ്ട്.
- ഹരിതഗൃഹം – കൃഷിയോടുള്ള പ്രിയം ഓരോരുത്തരിലും ജനിപ്പിക്കുന്നതിന് ഭാഗമായി പച്ചക്കറി വിത്തുകളും ഔഷധസസ്യങ്ങളും ഒപ്പം തന്നെ മത്സ്യകൃഷിയുടെ മമത വർദ്ധിപ്പിക്കുന്നതിന് അലങ്കാര മത്സ്യങ്ങളും കുട്ടികൾക്ക് വിതരണം ചെയ്യുകയും കുട്ടികൾ അവയുടെ പരിപാലനത്തിന് ഓരോ ഘട്ടങ്ങളിലും ഉള്ള ചിത്രങ്ങളും വീഡിയോകളും വളരെ താല്പര്യത്തോടെ അയച്ചുതരികയും ചെയ്യുന്നുണ്ട്.
- അമ്മയ്ക്കൊരു കൈത്താങ്ങ് – രക്ഷിതാക്കൾക്കും കുട്ടികൾക്കും പാഴ്വസ്തുക്കൾ കൊണ്ട് ഉപയോഗപ്രദമായ വസ്തുക്കൾ എങ്ങനെ സൃഷ്ടിക്കാം എന്നതിനുള്ള ബോധവൽക്കരണ ങ്ങളും ഒപ്പംതന്നെ പരസ്പരമുള്ള പങ്കുവെക്കലിന്റെ വേദിയും ഇതിലൂടെ ഒരുക്കി കൊണ്ടിരിക്കുന്നു.

## പദ്ധതി രൂപീകരണ പ്രക്രിയ

SRG യോഗത്തിൽ സമഗ്ര വികസന കാഴ്ചപ്പാട് ചർച്ച ചെയ്യപ്പോൾ ഗണിതത്തിലും വിവിധ ഭാഷകളിലുമുള്ള പ്രാവീണ്യം ഉറപ്പുവരുത്തുവാൻ ഉതകുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു. 2/4/2025 നു ചേർന്ന SRG യോഗത്തിൽ പഠന വിടവുകൾ പരിഹരിക്കുന്നതിനായി വിഷയാടിസ്ഥാനത്തിൽ എല്ലാ ദിവസവും പഠനപ്രവർത്തനങ്ങൾ നൽകുന്നതിനായി തീരുമാനിച്ചു. ഇത് ഒരു തുടർപ്രവർത്തനമായി അധ്യാപകർ ഏറ്റെടുക്കുകയും ചെയ്തു.

26/5/2025 ൽ നടന്ന PTA എക്സിക്യൂട്ടീവ് യോഗത്തിൽ കുട്ടികൾക്ക് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്നതിനും പഠനവിഭവങ്ങളുടെ വിതരണത്തിനുമായി സാമ്പത്തിക സഹായങ്ങൾ PTA, പൂർവവിദ്യാർഥി സംഘടന, പൊതുപ്രവർത്തകർ എന്നിവരിൽ നിന്ന് ആവശ്യപ്പെടുവാൻ തീരുമാനിച്ചു. പ്രവേശനോത്സവം ഭംഗിയാക്കാൻ തീരുമാനിച്ചു. പ്രസ്തുത യോഗത്തിൽ സ്കൂൾ വരാന്ത, ക്ലാസ് മുറികൾ, അടുക്കള, ശുചിമുറികൾ, എന്നിവയുടെ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

- കുട്ടികളിലെ കായികശേഷി വർധിപ്പിക്കുന്നതിന് കരാട്ടെ ക്ലാസുകൾ, ഫുട്ബോൾ കോച്ചിംഗ്, യോഗ ക്ലാസുകൾ എന്നിവ നടത്തുന്നു.
- കലാസാഹിത്യ വാസനകൾ ഉയർത്തുന്നതിന് സാഹിത്യ സമാജം, നാടക കളരി, രചനാമത്സരങ്ങൾ തുടങ്ങിയവ നടത്തുന്നു.
- നല്ല മൂല്യങ്ങൾ കൈവരിക്കുന്നതിനായി നല്ല വ്യക്തികളുമായുള്ള അഭിമുഖ സംഭാഷണം നടത്തിവരുന്നു.
- കുട്ടികളിൽ അറിവ് വർധിപ്പിക്കുന്നതിന് പഠനയാത്രകൾ നടത്തുന്നു.
- ഓരോ ദിനത്തിന്റെയും പ്രാധാന്യം ഉദ്ഘോഷിക്കുന്നതിനായി ദിനാചരണങ്ങൾ നടത്തുന്നു.
- കുട്ടികളിൽ പാഠ്യവിഷയങ്ങളിലുള്ള ആഴം വർധിപ്പിക്കുന്നതിന് പ്രവർത്തിപരിചയമേള, കലാമേള എന്നിവ നടത്തുന്നു.
- കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തുന്നതിനായി കാർഷിക ക്ലബ്ബ് രൂപീകരിച്ച് ക്ലബ്ബിന്റെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ട നിർമ്മാണം.
- അലങ്കാരമത്സ്യ കൃഷിയോടുള്ള കമ്പം കുട്ടികളിൽ ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.
- ഔഷധസസ്യങ്ങളുടെ പ്രാധാന്യം കുട്ടികൾക്ക് മനസ്സിലാക്കുവാൻ ഔഷധത്തോട്ട നിർമ്മാണം.

- കുട്ടികൾക്ക് മാനസിക ഉല്ലാസം നൽകുന്നതിന് പൂന്തോട്ട നിർമ്മാണം.
- കുട്ടികളുടെയും അധ്യാപകരുടെയും സാഹിത്യ രചനകൾ ഉൾപ്പെടുത്തി സ്കൂൾ പത്രം തയ്യാറാക്കൽ.

<u>മികവിനായിഏറ്റെടുത്ത പ്രവർത്തനങ്ങൾ</u>

- ICT സാധ്യത ഉപയോഗിച്ചുള്ള പാഠ്യപദ്ധതികൾ.
- മലയാളഭാഷ മധുരമാക്കുവാൻമലയാളത്തിളക്കം, വായനാ ചങ്ങാത്തം പരിപാടികൾ.
- ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം നേടുവാൻ ഹലോ ഇംഗ്ലീഷ് പ്രവർത്തനങ്ങൾ, സ്പോക്കൺ ഇംഗ്ലീഷ്, ഇംഗ്ലീഷ് പുസ്തക വായന, ഇംഗ്ലീഷ് ഭാഷയിലുള്ള അസംബ്ലി, പ്രസംഗം, സംഭാഷണം.
- ഹിന്ദി ഭാഷ മികവുറ്റതാക്കാൻ ഹിന്ദി ഭാഷയിൽ ഉള്ള അസംബ്ലി,ഹിന്ദി പുസ്തക വായന,ശബ്ദകോശ നിർമ്മാണം, ഹിന്ദി സാഹിത്യ മത്സരങ്ങൾ എന്നിവ നടത്തുന്നു.
- സംസ്കൃത ഭാഷയിലുള്ള പുരോഗതി വർധിപ്പിക്കുന്നതിനായി സംസ്കൃത അസംബ്ലി. സുഭാഷിത ആലാപനം, ഗദ്യ പാരായണം, ആലാപന മത്സരം എന്നിവ സംഘടിപ്പിക്കുന്നു.
- ശാസ്ത്ര പ്രവർത്തനങ്ങൾ മികച്ചതാക്കാൻ ശാസ്ത്രലാബ്, പരീക്ഷണങ്ങൾ, ശാസ്ത്രജ്ഞന്മാരെപരിചയപ്പെടുത്തൽ.
- ചരിത്രപരമായ അറിവുകൾ വർധിപ്പിക്കാൻ പഴയകാല നാണയങ്ങൾ, ഉപകരണങ്ങൾ, കാർഷിക ഉപകരണങ്ങൾ ഉൾപ്പെടുന്ന ചരിത്ര മ്യൂസിയം.
- ഗണിതം മധുരം ആക്കാൻ ഗണിതലാബ്,ഉല്ലാസ ഗണിതം, ഗണിത വിജയം.
- കുട്ടികളിലെ ആരോഗ്യനില വർദ്ധിപ്പിക്കുന്നതിനായി മെഡിക്കൽക്യാമ്പുകൾ, ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പോഷൻ മാസാചരണം ആയി ബന്ധപ്പെട്ട ക്ലാസുകൾ.

## പ്രതീക്ഷിത നേട്ടം

### ഭാഷാ പരിജ്ഞാനം

ഒരു വിദ്യാർത്ഥി മൂന്ന് ഭാഷകളിലെങ്കിലും പരിജ്ഞാനം നേടണമെന്ന ഉദ്ദേശ്യത്തോടെ വിവിധ തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചു. ഭാഷാ അസംബ്ലികൾ സംഘടിപ്പിക്കുന്നതു വഴി വിദ്യാർത്ഥികൾക്ക് മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പ്രാവീണ്യം നേടാൻ സാധിക്കും.

❖ അക്ഷരം ഉറപ്പിക്കൽ

ചിഹ്നങ്ങളും, മാത്രകളും ഉപയോഗിച്ച് എങ്ങനെ ശരിയായ രീതിയിൽ ഭാഷ കൈകാര്യം ചെയ്യുമെന്ന് കുട്ടികൾക്ക് മനസ്സിലാകുന്നതിന് വേണ്ടി അക്ഷരം ഉറപ്പിക്കൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ഇതുവഴി കുട്ടികൾക്ക് അക്ഷരത്തെറ്റ് കൂടാതെ ഭാഷ എഴുതാൻ സാധിക്കും.

❖ വായന

അക്ഷരങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം വായനാശീലത്തിലൂടെ ഭാഷയിൽ കൂടുതൽ പ്രാവീണ്യം നേടാനും നല്ല നല്ല പുസ്തകങ്ങളെ പരിചയപ്പെടാനും, സാഹിത്യകാരന്മാരെ പരിചയപ്പെടാനും സാഹിത്യത്തിൽ അറിവ് നേടാനും സാധിക്കുന്നു.

❖ കൈയെഴുത്ത്

മനോഹരമായ കൈയെഴുത്തിലൂടെ ഉള്ളിലുള്ള ആശയങ്ങളും, പുസ്തകത്തിൽ നിന്നുള്ള അറിവും ശരിയായ രീതിയിൽ പേപ്പറിലേക്ക് പകർത്തിയാൽ മാത്രമേ വിദ്യാർത്ഥിക്ക് അർഹിക്കുന്ന മാർക്ക് ലഭിക്കുകയുള്ളൂ. ഇതിനായി അക്ഷരങ്ങൾ ശരിയായ രീതിയിൽ എഴുതാൻ പരിശീലിക്കേണ്ടതായിട്ടുണ്ട്. ഇതിനായി കൈയെഴുത്ത് പരിശീലനം നൽകുന്നതിന് വേണ്ടി രണ്ട് വര കോപ്പിയിലും, നാല് വര കോപ്പിയിലും പരിശീലനം നൽകുന്നു.

### ദിനാചരണങ്ങൾ

ദിനാചരണങ്ങളിലൂടെ ദിനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനും അതിന്റെ പ്രാധാന്യത്തെയും, നേട്ടങ്ങളെയും ദിനാചരമണവുമായി ബന്ധ

പ്പെട്ട പ്രവർത്തനങ്ങളെയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കുന്നതിന് സാധിക്കുന്നു. ഇത് കുട്ടികളെ മത്സരപരീക്ഷകൾക്ക് ഒരുക്കുന്നതിന് പ്രധാന പങ്ക് വഹിക്കുന്നു.

**ക്ലബ്**

വിവിധ ക്ലബുകളുടെ (ഹെൽത്ത്, സയൻസ്, കണക്ക് ഭാഷ, ഗാന്ധി ദർശൻ, സോഷ്യൽ etc.) പ്രവർത്തനഫലമായി കുട്ടികൾക്ക് നേതൃത്വ പാടവവും, വിഷയങ്ങളെകുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും വിഷയസംബന്ധമായ പരീക്ഷകളെ നേരിടാനും സാധിക്കുന്നു.

**കൃഷി**

മനുഷ്യനെ മണ്ണിലേക്ക് അടുപ്പിക്കുന്ന ഒന്നാണ് കൃഷി. മണ്ണിനെ അറിയാനും വിവിധതരത്തിലുള്ള കാർഷിക വിളകളെ പറ്റി മനസ്സിലാക്കുന്നതിനും കാലത്തിനനുസരിച്ച് സമയ ബന്ധിതമായി കൃഷി ചെയ്യേണ്ട രീതിയെ കുറിച്ചും, ജൈവ പച്ചക്കറികളെ കുറിച്ചും ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവയെ പറ്റിയും കീടങ്ങളെക്കുറിച്ചും, വിളവെടുപ്പ് രീതിയെ പരിചയപ്പെടുത്തുന്നതിനും അതോടൊപ്പം പുരാതനവും ആധുനികവുമായ കൃഷി രീതികളെക്കുറിച്ചും പരിചയപ്പെടുത്തുന്നതിനും സാധിക്കുന്നു.

**ശാസ്ത്രം**

ശാസ്ത്രമേഖലയെ പരിചയപ്പെടുത്തുന്നതിനും ലാബുകൾ കൈകാര്യം ചെയ്യേണ്ട വിധം, ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ, ഭൂമി ശാസ്ത്രപരമായ ഘടന മനസ്സിലാക്കുന്നതിനും തങ്ങളിലുള്ള ശാസ്ത്രീയ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും, കണ്ടെത്തുന്നതിനും സാധിക്കുന്നു.

**കല, കായികം**

കലാപരവും കായികപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ തരത്തിലുള്ള പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു. യുവജനോത്സവം, കായികദിനം, വിവിധയിനം മത്സരങ്ങൾ അതോടൊപ്പം പന്തുകളി പോലുള്ള വിവിധതരത്തിലുള്ള ഗെയിമുകൾ സംഘ

ടിപ്പിക്കുന്നു. ഇതുവഴി കുട്ടിക്ക് തന്റെ കഴിവുകൾ മനസ്സിലാക്കുന്നതിനും അതിനെ പരിപോഷിപ്പിക്കുന്നതിനും ഉള്ള അവസരങ്ങൾ ലഭിക്കുന്നു.

**ചിത്രരചന**

ചിത്രകലയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനും തങ്ങളിലുള്ള സർഗ്ഗവാസനകളായ ചിത്രംവര, കളറിങ്, കാർട്ടൂൺ എന്നിവയിൽ പരിശീലനം നേടുന്നതിനും, പ്രാവീണ്യം നേടുന്നതിനും സാധിക്കുന്നു.

**കൗൺസിലിങ്**

ഇന്ന് വിദ്യാർത്ഥികൾ സമൂഹത്തിൽ നിന്നും, വീടുകളിൽ നിന്നും നേരിടേണ്ടി വരുന്ന മാനസിക പിരിമുറുക്കങ്ങൾക്ക് അയവ് വരുത്തുന്നതിനും അതോടൊപ്പം പഠനവൈകല്യമുള്ള വിദ്യാർത്ഥികൾ പഠനപാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തുന്നതിനായി ആവശ്യമായ രീതിയിൽ ട്രയിനിങ്ങും, കൗൺസിലിങ്ങും നൽകുന്നു. ഇതുവഴി അന്തർമുഖരായ വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുൻനിരയിൽ എത്തിക്കുന്നതിനും, പ്രശ്നങ്ങൾ മറികടന്ന് ജീവിതവിജയം കൈവരിക്കാൻ സാധിക്കുന്നു.

**മാനസികം**

ശാരീരികമായ വികാസത്തോടൊപ്പം തന്നെ മാനസികമായ വികാസത്തിനും വികാസത്തിനും മുൻതൂക്കം നൽകികൊണ്ടുള്ള പാഠ്യപദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനായി കരാട്ടെ, യോഗപോലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇത് വിദ്യാർത്ഥികളുടെ ആരോഗ്യപരവും, മാനസികവുമായ വളർച്ചയ്ക്ക് സഹായകമാകുന്നതോടൊപ്പം ആരോഗ്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിന് സാധിക്കുകയും ചെയ്യുന്നു.

**I.C.T**

വിഷയങ്ങളെ അടിസ്ഥാനമാക്കി സമയബന്ധിതമായി ഐ.ടി.സി. ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ഇതിന്റെ ഫലമായി പാഠപുസ്തകത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ അറിവുകൾ കണ്ടും, കേട്ടും ആർജ്ജിക്കുവാൻ കുട്ടികൾക്ക് സാധിക്കുന്നു.

**ബാന്റ്സെറ്റ്**

വിദ്യാലയത്തിലെ ബാന്റ്സെറ്റ് വഴി നേതൃത്വപാടവവും, അച്ചടക്കബോധവും, വ്യക്തിത്വവികസനവും നേടുവാൻ വിദ്യാർത്ഥികൾക്ക് സാധിക്കുന്നു.

## മോണിറ്ററിംങ്ങ്, ധനസ്രോതസ്സ്, ഉപസംഹാരം

### മോണിറ്ററിംങ്ങ്

ഭാഷകളെ അടിസ്ഥാനമാക്കിയിട്ടുള്ള അസംബ്ലി, വായനമൂല, വായിച്ച പുസ്തകങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കൽ, സാഹിത്യകാരന്മാരെ പരിചയപ്പെടാനുള്ള അവസരം.

പത്രവായന : രാവിലെ ഇതിനായി സമയം കണ്ടെത്തുന്നു

പത്ര വാർത്ത സംബന്ധിച്ചുള്ള ക്വിസ് മത്സരം

ചിത്രരചന, കൈയെഴുത്ത്, ക്ലബ് പ്രവർത്തനങ്ങൾ, കൃഷി എന്നിവയ്ക്കായി ഓരോ ദിനങ്ങൾ മാറ്റി വെച്ചിരിക്കുന്നു. 1.30 Pm മുതൽ 2.00 Pm വരെയാണ് ഇതിനായി കണ്ടെത്തിയിരിക്കുന്ന സമയം.

ദിനാചരണം : ചുമർപത്രിക തയ്യാറാക്കൽ, പ്രസംഗ മത്സരം, ക്വിസ് മത്സരം, ചിത്രരചന, കളറിംങ്ങ് സംഘടിപ്പിക്കുന്നു.

ICT : വിഷയാടിസ്ഥാനത്തിൽ ആഴ്ചയിൽ ഒരു ദിവസം വിദ്യാർത്ഥികളെ കംപ്യൂട്ടർ ലാബിലേക്ക് കൊണ്ടുപോകുകയും പഠനസംബന്ധമായ വിഷയങ്ങൾ കുട്ടികൾക്ക് കാണിച്ചു കൊടുക്കുന്നു.

കലാകായികം : സമയബന്ധിതമായി നടത്തുന്നു.

### ധനസ്രോതസ്സ്

എം.എൽ.എ ഫണ്ട്, എം.പി. ഫണ്ട്, O.S.A, O.T.A, P.T.A, മേനേജ്മെന്റ്

# ഉപസംഹാരം

ഈ പ്രവർത്തനങ്ങളിലൂടെ എല്ലാം വിദ്യാർത്ഥികളെയും വിദ്യാലയത്തെ യും മികവിനെ പരമോന്നത തലത്തിലേക്ക് എത്തിക്കാൻ ഈ [illegible] കാലഘട്ടങ്ങളിൽ ഞങ്ങൾ പരിശ്രമിച്ചിട്ടുണ്ട്. ഇനിയും അതിനു വേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുകയും ഈ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുവാൻ ഓരോ കുട്ടിയെയും പ്രാപ് തരാക്കുന്നതിന് ഞങ്ങൾ കൂട്ടായി ഒന്നുചേർന്ന് ഒരേമനസ്സോടെ പ്രവർത്തിക്കുകയും ചെയ്യും.

THANK YOU